# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-26



## എം.എൽ.എസ് യു.പി.എസ്

### പരശുവയ്ക്കൽ

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-2026

## ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിലൂടെ എല്ലാ വിദ്യാർത്ഥികൾക്കും തുല്യതയോടെ സമസ്തതലങ്ങളിലുള്ള പഠനലക്ഷ്യങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ വിദ്യാലയത്തിൽ മികച്ച പഠനാന്തരീക്ഷവും, പഠന പദ്ധതികളും സംജാതമാക്കുന്നതിനു വേണ്ടിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

## ലക്ഷ്യങ്ങൾ

വിദ്യാലയത്തിലെ പഠന പിന്തുണാ സംവിധാനമായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാം വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും രസകരമാക്കുന്നു. വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു. വിദ്യാലയങ്ങളിലെ വിഭവങ്ങൾ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുന്നു. വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുകയും ചെയ്യുന്നു. ഓരോ അധ്യാപകരും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത നടപ്പാക്കുകയും ചെയ്യുന്നു. വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. ഓരോ വിദ്യാർത്ഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാക്കുന്ന തരത്തിൽ സജ്ജമാക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേകം പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേകത പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

## തനത് പ്രവർത്തനം

സ്കൂൾ പച്ചക്കറിത്തോട്ടം, ശലഭ പാർക്ക്, ഔഷധ സസ്യത്തോടും എന്നിവ നിർമ്മിക്കുക. കുട്ടികളിൽ കൃഷിപ്പണിയും ഔഷധ സസ്യങ്ങളുടെ പേര് മനസ്സിലാക്കുന്നതിനും ഉപകാരപ്രദമായിരിക്കും. ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സംഘടനളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും സഹായ സഹകരണങ്ങൾ നേടുക.

കുട്ടികളിൽ അക്കാദമിക മികവ് നേടുന്നതിന് വിലയിരുത്തലുകൾ കൃത്യവും സൂക്ഷ്മവുമായി നടപ്പാക്കുക. സഹായങ്ങൾ ആവശ്യമുള്ള കുട്ടികൾക്ക് അവർക്ക് വേണ്ടുന്ന സഹായങ്ങൾ കണ്ടെത്തി ചെയ്യുക. അക്കാദമിക മികവ് വിലയിരുത്തുന്നതിന് പി.റ്റി.എ, എസ്.എം.സി എന്നിവരുടെ സഹായം ഉറപ്പുവരുത്തുക. കുട്ടികൾക്ക് അവരുടെ സംശയങ്ങളും പ്രശ്നങ്ങളും തുറന്നു പറയാനുള്ള ഇടം ഒരുക്കുക. സമഗ്ര ഗുണമേന്മാ പദ്ധതി വിഭാവനം ചെയ്യുന്ന വിദ്യാലയന്തരീക്ഷവും അനുഭവാധിഷ്ഠിത പഠനവും സൃഷ്ടിക്കുന്നതിന് ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുക. പഠന ലക്ഷ്യങ്ങളും നൈപുണികളും ഓരോ കുട്ടിയിലും എത്തിക്കുക.

മധുര, മലയാളം, ലളിതം, ഗണിതം, ഇംഗ്ലീഷ് ലളിതം, പറയാം പഠിക്കാം, വായനാലോകം എന്നിങ്ങനെ വിവിധതര പ്രവർത്തനങ്ങൾ ഉപയോഗിച്ച് ഭാഷാ, ഗണിതങ്ങൾ കുട്ടികളിൽ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.

# ACADEMIC MASTERPLAN
# STD - I

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ |
|---|---|---|---|
| ഒന്നൊരുക്കം | കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും കുട്ടികളെ സന്നദ്ധരാക്കുക | ജൂൺ 3 മുതൽ 16 വരെ | ക്ലാസ് ടീച്ചർ |
| കണ്ടറിയാം.... കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ | പ്രതിമാസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ SRG |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | ജൂൺ– മാർച്ച് | ക്ലാസ് ടീച്ചർ SRG |
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | പഠനം രസകരമാകുന്നതിനുള്ള സർഗാത്മകതാ പരിപോഷണം | ജൂലൈ സെപ്റ്റംബർ നവംബർ ജനുവരി | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് തിയേറ്റർ<br><br>ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Story telling, Conversation) | സർഗാത്മകതാ പരിപോഷണം<br><br>ഇംഗ്ലീഷ് ഭാഷയോടുള്ള സമീപനം മെച്ചപ്പെടുത്തൽ | മാസത്തിലൊന്ന്<br><br>ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും ശേഷി മെച്ചപ്പെടുത്തൽ | മാർച്ച് | ക്ലാസ് ടീച്ചർ |
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പിലാക്കൽ | ഗണിത പഠനം രസകരമാക്കൽ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ |
|---|---|---|---|
| ഗണിത ചുമർ ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | ഗണിത പഠനം സുതാര്യമാക്കൽ | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ |
| ഗണിത പഠനോപകരണ ശില്പശാല | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ |
| പ്രകൃതി നടത്തം | നിരീക്ഷണം - അറിവ് നിർമ്മാണം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |
| ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണ ങ്ങൾ സംഘടിപ്പിക്കൽ | ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ, അന്വേഷണ ത്വര വളർത്തൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# Std: 2

**അക്കാദമിക് മാസ്റ്റർ പ്ലാൻ– രണ്ടാം ക്ലാസ്**

**ലക്ഷ്യം :**

രണ്ടാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

**പൊതു തത്വങ്ങൾ**

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം:
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം
- സാമൂഹികവും പാരിസ്ഥിതികവുമായി അവബോധം വളർത്തൽ
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

## 1. പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവ്വഹണ കാലം |
|---|---|---|
| 1 | പ്രവർത്തന കലണ്ടർ | മെയ് |
| 2 | മധുരം മലയാളം | ജൂൺ മുതൽ മാർച്ച് വരെ |
| 3 | സംയുക്ത ഡയറി | ജൂൺ മുതൽ മാർച്ച് വരെ |
| 4 | പാട്ടരങ്ങ് | ജൂൺ മുതൽ മാർച്ച് വരെ |
| 5 | സചിത്ര പുസ്തകം | ജൂൺ മുതൽ മാർച്ച് വരെ |
| 6 | റീഡേഴ്സ് തിയേറ്റർ | ജൂലൈ മുതൽ മാർച്ച് വരെ |
| 7 | നാട്ടുവിശേഷം കൂട്ടെഴുത്ത് | ജൂലൈ മുതൽ മാർച്ച് വരെ |
| 8 | ക്ലാസ് പത്രം | ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വിതം |
| 9 | രചനോത്സവം | ജൂലൈ മുതൽ ഫെബ്രുവരി വരെ |
| 10 | വായനോത്സവം | ജൂൺ മുതൽ മാർച്ച് വരെ |
| 11 | ഭാഷോത്സവം | ജനുവരി |
| 12 | ഗണിത കേളികൾ | ജൂൺ മുതൽ മാർച്ച് വരെ |
| 13 | ഗണിത കിറ്റ് | ജൂൺ മുതൽ മാർച്ച് വരെ |
| 14 | പരീക്ഷണങ്ങൾ | ഓരോമാസവും ഓരോന്ന് വിതം |
| 15 | ലഘു പ്രോജക്ട് | ഓരോ മാസവും ഓരോന്ന് വീതം |
| 16 | പരീക്ഷണ കിറ്റ് | ജൂൺ മുതൽ മാർച്ച് വരെ |

# മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | SRG, ക്ലാസ്, ടീച്ചർ | ലക്ഷ്യം നേടുന്നതുവരെ | PTA ഫണ്ട് |
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | പഠനം എളുപ്പമാക്കുക | HM, SRG, ടീച്ചർ | വർഷം മുഴുവൻ | PTA |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ | HM, SRG, ടീച്ചർ | വർഷം മുഴുവൻ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം | വായനാശീലം വളർത്തുക, ലൈബ്രറി ഉപയോഗപ്പെടുത്തുക | HM, SRG, ടീച്ചർ | വർഷം മുഴുവൻ | PTA, CPTA |
| വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം | വായനയുടെ ആഴം വർദ്ധിപ്പിക്കുക | HM, SRG, ടീച്ചർ | വർഷം മുഴുവൻ | CPTA |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ | HM, SRG, ക്ലാസ്സ് ടീച്ചർ | പ്രതിമാസം | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവത്ത നങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | സ്വന്തം അനുഭവങ്ങൾ ക്രമ ത്തിൽ പറയാനും എഴുതാനും കഴിയുന്നു. സ്വതന്ത്ര രചന നടത്താനുള്ള ശേഷി നേടുന്നു | ക്ലാസ്സ് ടീച്ചർ, രക്ഷിതാവ് | ജൂൺ-മാർച്ച് | CPTA (20000) |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാർ അടുത്തറിയൽ | ക്ലാസ്സ് ടീച്ചർ | ആവശ്യാനുസരണം | PTA |

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| കണ്ടറിയാം കേട്ടറിയാം.. | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | ക്ലാസ്സ് ടീച്ചർ | ആവശ്യാനുസരം | PTA |
| രുചിച്ചറിയാം | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | SRG, ക്ലാസ്സ് ടീച്ചർ, PTA | വർഷത്തിലൊന്ന് | |
| ഓർക്കാം അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ | SRG, ക്ലാസ്സ് ടീച്ചർ, CPTA | ആവശ്യാനുസരണം | |
| കലകൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | HM, SRG, CPTA ക്ലാസ്സ് ടീച്ചർ | | PTA |
| സർഗ്ഗോത്സവം/ കലാവതരണം | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | SRG, CPTA, ക്ലാസ് ടീച്ചർ | വർഷത്തിലൊരിക്കൽ | PTA |

## 4. വിരിയുന്ന ചിന്തകൾ (ഇംഗ്ലീഷ് ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടുദിവസം (വർഷം മുഴുവൻ) | ക്ലാസ്സ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകത പരിപോഷണം | മാസത്തിലൊന്ന് | ക്ലാസ്സ് ടീച്ചർ | SMC |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകത, രചനശേഷി വികസനം | മൂന്ന് മാസം കൂടുമ്പോൾ/ മാസത്തിലൊരിക്കൽ | HM, ക്ലാസ്സ് ടീച്ചർ, SMC | SMC |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് കൈയെഴുത്ത് | രചനാ മികവ് | മാസത്തിലൊന്ന് | ക്ലാസ്സ് ടീച്ചർ | PTA |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോക്ഷണം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | രക്ഷിതാക്കൾ |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ) | വർഷത്തിലൊന്ന് (അവധിക്കാലം) | SMC, ക്ലാസ്സ് ടീച്ചർ | |

## 5. കളിക്കാം.... ഗണിക്കാം.... (ഗണിത പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വർഷം മുഴുവൻ | SRG, ക്ലാസ്സ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ, കര ചലനശേഷി വികാസം | വർഷത്തിലൊരിക്കൽ | ക്ലാസ്സ് ടീച്ചർ | PTA |
| ഗണിതലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM, SRG, ടീച്ചർ | PTA |
| ഗണിതച്ചുമർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | PTA |
| ഗണിത പഠനോപകരണ ശില്പശാല | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | ആവശ്യാനുസരണം | SRG, ക്ലാസ്സ് ടീച്ചർ | PTA |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |

## 6. അറിയാം.... അടുത്തറിയാം.... (പരിസര പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരിക്ഷണം അറിവ് നിർമ്മാണം | ആവശ്യാനുസരണം | HM, CPTA | PTA |
| ശാസ്ത്രമൂല | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | വർഷം മുഴുവൻ | HM, SRG, ടീച്ചർ | PTA, SSA |
| ശാസ്ത്ര യാത്ര | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ. അന്വേഷണത്വര വളർത്തൽ | ആവശ്യാനുസരണം | HM, SRG, CPTA, ക്ലാസ്സ് ടീച്ചർ | |
| ഭൂപടമൊരുക്കാം | ഭൂപട വായന, ഭൂപട രചന, സൂചിക. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | |

# STD. III
# ENGLISH

| Aim | Activities | Period |
|---|---|---|
| ♦ To develop listening skills and reading skills. | ♦ Games<br>♦ Action Songs<br>♦ Identify the naming words from the picture.<br>♦ Identify the action words from the picture. | ♦ June & July |
| ♦ Develop the creative speaking and writing | ♦ Books reading<br>♦ T.B activities<br>♦ make word web<br>♦ word chain<br>♦ make riddle<br>♦ Add more lines | ♦ August & September |
| ♦ To express thought feelings etc | ♦ Conversations, Develop story Read notice, Thoughts | ♦ October & November |
| ♦ Develop the creative speaking and writing. | ♦ Library books reading Develop story Reads diary. | ♦ December & January |
| ♦ To improve the presentation power. | ♦ Conversations<br>♦ Skit<br>♦ Descriptions<br>♦ Thoughts | ♦ February 4 March |

# STD. III

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതലകൾ |
|---|---|---|---|
| വായന<br>മലയാളം തെറ്റു കൂടാതെയും അക്ഷര സ്ഫുടതോടെയും അനായാസമായി വായിക്കുവാൻ | പ്രീ-ടെസ്റ്റ് ക്ലാസ്സ്<br>ലൈബ്രറി വികസനം<br>ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ<br>വായന<br>വായനാ കാർഡുകൾ തയ്യാറാക്കൽ | ജൂൺ അധ്യയന വർഷം മുഴുവൻ<br>ജൂൺ അധ്യയന വർഷം മുഴുവൻ<br>ജൂൺ-ജൂലൈ | അധ്യാപകർ<br>സി.പി.ടി.എ<br>അധ്യാപകർ<br>സി.പി.ടി.എ<br>അധ്യാപകർ |
| സർഗ്ഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ | അധ്യയന വർഷം മുഴുവൻ | സി.പി.ടി.എ<br><br>അധ്യാപകർ<br>എസ്.എം.സി |
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | പുസ്തക ശേഖരണവും പ്രദർശനവും | ആഗസ്റ്റ് | അധ്യാപകർ<br>എസ്.എം.സി |
| കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കൽ | ചിത്രം, രചന,<br>പാചക കുറിപ്പ്<br>രചനാ മത്സരങ്ങൾ സംഘടിപ്പിക്കൽ<br>ചെറുകഥ, കവിത തുടങ്ങിയവ സ്വയം ചെയ്യുന്നു | ജൂലൈ മുതൽ | ക്ലാസ്സ് ടീച്ചർ<br>എസ്.ആർ.ജി |

# STD. III
# EVS

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതലകൾ | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു കുറിപ്പു തയ്യാറാക്കൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ<br>എസ്.ആർ.ജി | പി.റ്റി.എ |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്, തടയണ, മഴക്കുഴി നിർമ്മാണം, ജല സ്രോതസ്സുകൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി<br>എസ്.എം.സി | പി.റ്റി.എ |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം പരീക്ഷണം സ്കൂളിലും വീട്ടിലും | ജനുവരി മുതൽ മാർച്ച് | ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | പി.റ്റി.എ |

# STD. III
# കണക്ക്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് | ജൂൺ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു. | ജൂൺ, ജൂലൈ |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് |
| | ♦നാണയങ്ങൾ, കളിനോട്ടുകൾ<br>♦പാറ്റേണുകൾ (ഗണിത ക്ലബ്ബ്) | ആഗസ്റ്റ് |
| എല്ലാ കുട്ടികളിലും സംഖ്യാ ബോധം ഉണ്ടാക്കുക. | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ |
| സങ്കലന-വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | ♦ മന:കണക്കുകൾ<br>♦ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ- നവംബർ |
| ഗുണന വസ്തുതകൾ നേടൽ | ♦ മന:കണക്കുകൾ<br>♦ മഞ്ചാടിക്കളി | ഡിസംബർ- ജനുവരി |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | ♦ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>♦ ഐ.സി.ടി വിഭവങ്ങൾ ഉപയോഗിച്ച്. | ഫെബ്രുവരി- മാർച്ച് |

# STD. IV

ലക്ഷ്യം: ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടു വരൽ. | ലക്ഷ്യം നേടുന്നതു വരെ | SRG<br>ക്ലാസ്സ് ടീച്ചർ |
| വായിക്കാം<br>വളരാം | വായനാ ശേഷി വളർത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ്സ് ടീച്ചർ |
| ക്ലാസ്സ് വായന<br>ക്ലാസ്സ് ലൈബ്രറി ഒരുക്കൽ | | | PTA |
| എഴുതാം<br>തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ | പ്രതിമാസം | SRG<br>ക്ലാസ്സ് ടീച്ചർ |
| പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖനശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരൻമാരെ അടുത്തറിയാൻ | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | | | |
| രുചിച്ചറിയാം | നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടുത്തൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ<br>PTA |
| ഭക്ഷ്യമേള<br>പാചകകുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസ്സിലൊരു സദ്യ | | | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ |
|---|---|---|---|
| സാഹിത്യകാരൻമാരുടെ ജന്മചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, പുസ്തക പരിചയം, പതിപ്പ് നിർമ്മാണം, പ്രദർശനം | | | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | വർഷത്തിലൊന്ന് | HM<br>SRG<br>PTA<br>ക്ലാസ്സ് ടീച്ചർ |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | | | |

# STD. IV
# EVS

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ |
|---|---|---|---|
| **പ്രകൃതി നടത്തം** പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ (കുളം, ജൈവവൈവിധ്യ പാർക്ക്) | നിരീക്ഷണം, അറിവു നിർമ്മാണം | വർഷം മുഴുവൻ | HM<br>CPTA |
| **ശാസ്ത്രമൂല** ശാസ്ത്ര പഠന ത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ശാസ്ത്രപഠനം ലളിതവും രസകരവും ആക്കുക. | വർഷം മുഴുവൻ | SRG<br>Class Tr. |
| **ശാസ്ത്രയാത്ര** വാനനിരീക്ഷണ കേന്ദ്രം സയൻ സ് പാർക്ക്, ശാ സ്ത്ര മെഡിക്ക ൽ പ്രദർശനങ്ങൾ ഫോക്ക് ലോർ അക്കാദമി ഇവ സന്ദർശി ക്കൽ. | ശാസ്ത്ര പഠന ത്തിൽ താല് പര്യം വളർത്തുക.<br>അന്വേഷണ പങ്കാളിത്തം വളർത്തൽ | ആവശ്യാനുസരണം | SRG<br>Class Tr. |
| **ഭൂപടമൊരുക്കാം** ഭൂപട രചന, സൂ ചിക നിർമ്മാണം | കേരളം, ഇന്ത്യ, ഭൂപട വായന, സൂചിക പരിചയ പ്പെടൽ | വർഷത്തിലൊന്ന് | SRG<br>Class Tr. |
| **ശാസ്ത്ര വിസ്മയ ചുവർ** ശാസ്ത്ര പഠന വുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ പ്രദർശിപ്പിക്കൽ. | ശാസ്ത്ര പഠനം രസകരമാക്കൽ | വർഷം മുഴുവൻ | SRG<br>Class Tr. |
| **ശാസ്ത്രോത്സവം** പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണങ്ങൾ പരീക്ഷണം ഇവയുടെ പ്രദർശനം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | വർഷാവസാനം | HM<br>SRG<br>Class Tr. |

# STD. IV
# കണക്ക്

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ |
|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വർഷം മുഴുവൻ | SRG |
| മൂല്യനിർണയം (ഏണിയും പാമ്പും ഡയസ് കളി, സങ്കലനം- വ്യവകലനം- കച്ചവടക്കളി) | | | |
| ഒറിഗാമിയിലൂടെ പഠിക്കാം... | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലനശേഷി വികാസം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ്സ് ടീച്ചർ |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം | | | |
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>ക്ലാസ്സ് ടീച്ചർ |
| ഗണിതച്ചുമർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ |
| ഗണിതചുമർ ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | | | SRG |
| ഗണിത പഠനോപകരണ ശില്പശാല | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ. | ആവശ്യാനുസരണം | SRG |
| പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം | | | |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിലൊന്ന് | |
| പ്രശ്നോത്തരി പസിൽ, പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | | | |

# STD. IV
# ENGLISH

| Name | Description | Period |
|---|---|---|
| English Challenge | We can create an English atmosphere. Speak simple English Sentences frequently. Uses simple questions and lead to jokes. Prepare some story cards and short videos of its reading. Share them in whatsapp group. Celebrate a day in a week as English day. Paste some english words on walls, doors shelf, benches desks, tables etc. Makes use of some action songs and games also. | June to March |
| English Assembly | Listening, Teacher talk Speaking- Prayer, pledge, news, riddles, diary, quotes of eminent leaders, readers theater etc. | June to March |
| Speach bubles | Give chances for filling speach bubbles - eg- Isaac and Dilna Gives more chances in the next coming Units also | from June $2^{nd}$ weak onwards |
| MEW | New words are introducing through pictures and appropriate sentences in different context to get its learning. Students have to keep them in noblebooks as my english world. | June to March |
| Read and rejoice | Tells simple english stories with proper actions and voice modulations. Gives more stories having great values like brave unity, kindness, honesty etc... for reading | Once in a week |

| Name | Description | Period |
|---|---|---|
| Picture diary | Experience sharing and writing diary with suitable pictures. | from the end of June to march. |
| Hai English | Various club activities eg- Reader's theatre | July to February |
| My Notice | Exhibits models notices. Leads to discussion and prepare school notices about major activities. | June Last week |
| Digi task | Teacher and students are calling each other through mobile phone. Shares feelings throughts and events in English. | Frequently |
| Picture dictionary | At the end of each unit collect words, reorder them and create a picture dictionary. | At the end of each .... |
| Creative space | Provide students with a set of story- related pictures. They should sequence the events and develop a meaningful story based on them. | Sargavela periods |
| Description | Gives different pictures to prepare a description. | July |
| Riddles riddles | Teacher asks: Some riddles, eliciting peculiarities of a riddle and gives riddles making as a group work. | July |

# UP
## മലയാളം

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല |
|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | ♦ **എന്റെ അവധിക്കാലം** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവങ്ങൾ അനുഭവക്കുറിപ്പ്) ഇവ അവതരിപ്പിക്കുന്നു.<br>♦ വാക്കുകളിൽ നിന്നും വാക്യത്തിലേക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടേയും വാക്യങ്ങളുടേയും നിർമ്മാണം. | ജൂൺ<br>ജൂൺ | അധ്യാപകർ<br>അധ്യാപകർ |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | ♦ **വാർത്താ ലോകത്തേക്ക്**<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശേഷി ഉണർത്തുകയും ഉച്ചാരണശേഷി വളർത്തുകയും ചെയ്യുന്നു. വായന ക്ലാസ് തലത്തിൽ നടത്തുന്നു. പ്രധാനദിനങ്ങളിൽ ക്വിസ് നടത്തുന്നു. സംവാദം, ചർച്ച അഭിമുഖം | ദിവസവും | അധ്യാപകർ |
| സാഹിത്യകൃതികളോടും സാഹിത്യകാരോടും ഉള്ള മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | സാഹിത്യകാരന്മാർ, എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ടു തവണ | HM<br>അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല |
|---|---|---|---|
| മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടിയെടുക്കലും സർഗ്ഗശേഷി വളർത്തലും | ഇ-കമ്പ്യൂട്ടറിംഗ് കുട്ടികളെ മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസീൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.<br>മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾപ്പെടുത്തി സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | 2025-26 അധ്യയന വർഷം<br>വർഷാവസാനം | ഐ.ടി അധ്യാപകർ<br>അധ്യാപകർ |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്ക്കാരം പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലഘുനാടകങ്ങൾ, കവിതാലാ പനം, നൃത്താവിഷ്കാരം തുടങ്ങി വിവിധ സ്വർഗ്ഗശേഷികൾ പൊതുവേദിയിൽ അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു. കൂടാതെ ശില്പശാ ലകൾ സംഘടിപ്പി ക്കുന്നു. | അക്കാദമിക് വർഷം | PTA<br>അധ്യാപകർ |
| കുട്ടികളുടെ റേഡിയോ | സ്കൂൾ എഫ്.എം<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികളും അവതരിപ്പിക്കുന്നു. വായിച്ച പുസ്തകങ്ങളിലെ മികച്ച ആസ്വാദന ക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം (ദിവസേനയും) നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | ആഴ്ചയിലും<br>ദിവസേനയും | ക്ലാസ് ലീഡർ<br>സ്കൂൾ ലീഡർ<br>അധ്യാപകർ |

# UP
## കണക്ക്

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | ഗണിത കേളികളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മുത്തു കൾ, ഫ്ളാഷ് കാർഡ് ഇവ നൽകി) | ജൂൺ മാസം | ഗണിത അധ്യാപകർ |
| രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | **ഒറിഗാമി ശില്പശാല** ഒറിഗാമിയിയിലൂടെ ഗണിത ശേഷികൾ നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം. | വർഷത്തിൽ രണ്ടു പ്രാവശ്യം | ഗണിത അധ്യാപകർ |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ ടാൻഗ്രാം തുടങ്ങിയവയിൽ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തികൊണ്ട് കുട്ടികളിലേക്ക് എത്തിക്കുന്നു. | മാസത്തിൽ ലഭ്യമായ അവസരങ്ങളിലെല്ലാം | ഗണിത അധ്യാപകർ |
| ഗണിതം മധുരമാക്കാൻ | ജ്യാമിതീയ ഗണിതം വിവിധ ജ്യാമിതീയ രൂപങ്ങൾ ക്ലാസ് തലത്തിൽ പ്രദർശനം | | ഗണിത അധ്യാപകർ |

# UP
## സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല |
|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന തല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു.<br>**ഓർമ്മച്ചെപ്പ്**<br>അന്തർ ദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങി അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory Test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ)<br><br>അക്കാദമിക വർഷാരംഭം (ജൂൺ) | അധ്യാപകർ<br><br>അധ്യാപകർ |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക.<br><br>ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **Virtual Field Trip**<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളുടെ ചരിത്രാവബോധം വളർത്തുന്നു.<br><br>വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ)<br><br>അക്കാദമിക വർഷാരംഭം (ജൂൺ) | അധ്യാപകർ<br><br>അധ്യാപകർ |
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം- നേർകാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾ പൊട്ടൽ എന്നിവയുടെ ഭീതിജനതകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല |
|---|---|---|---|
| സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇലകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു.<br>മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരിതബാധിത പ്രദേശങ്ങളിൽ ആശ്വാസ ഹസ്തമാകുന്നു. | അക്കാദമിക വർഷം | അധ്യാപകർ |
| വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും, റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയത്തിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | അധ്യാപകർ |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ**<br>**(Field Trip Survey)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമാകുന്ന കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർതടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | അധ്യാപകർ |
| സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർ ദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മിക ലോകം സൃഷ്ടിക്കുന്ന, മത്സര ബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്തൽ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | അധ്യാപകർ |

# UP
# ENGLISH

| Aim | Activity | Period |
|---|---|---|
| Ensure all students achieve grade level competencies in reading | Listen and enjoy story telling with questions: Read a short story aloud and then asks the children questions about it to check their comprehension. Use fairy tales, fables and simple picture books | Every week |
| Improve English language proficiency | ♦ Presentation of stories with voice modulation<br>♦ Rhyming songs: sing songs that have rhyming words repetitive phrases.<br><br>Audio book with illustration: Use audio books that come with illustrated books. Children can follow along with picture as they listen. | Once in a month |
| Increase children's Vocabulary | ♦ Role play: Let children act out scenes from the story book.<br>♦ Vocabulary games: Use games like scrambled, word search, cross word puzzle, spell bee, etc.<br>♦ Book review: Let them write and present book reviews to encourage critical thinking and articulate their opinion.<br>♦ Reading rainbow<br>Select a book for the group to read and discuss. Focus on themes, characters and catching parts. Improve English language proficiency. | |

| Aim | Activity | Period |
|---|---|---|
| Enables to write English without error. | ♦ Daily journaling: Encourage children to keep a daily journal where they can freely write about their day, thoughts and interests. | Twice in a week |
| Increases confidence in English language | ♦ Provide creative writing prompts to stimulate their imagination.<br>♦ Engage children in writing games like pass the story where each child adds a sentence to a story. | Once in a month |
| E cube English | ♦ Enhance the LSRW skills of all children by following the activities of E cube english in different levels | Along with classroom activities |
| FM radio | ♦ Presenting daily news to improve vocabulary and pronunciation. | Twice in a week |
| Oratory club | ♦ To improve efficiency in English speech. | Once in a week |

# अकादमिक मास्टर प्लान · हिंदी

| संख्या | लक्ष्य | प्रक्रियाएं | समय | भौतिक | सहायक |
|---|---|---|---|---|---|
| 1. | सभी छात्रों को अक्षर, शब्द और आशय दृढ़ता। | • अक्षर लिखना<br>• मात्रा दृढ़ता<br>• अक्षर कार्ड शब्दों को लिखने वाला कार्ड<br>• कक्षा में अक्षरमाला प्रदर्शन।<br>• पी. सी. टी.<br>• अक्षरों का खेल<br>• शब्दों को लिखने वाला कार्ड।<br>• शब्द बनाना<br>• वाक्य बनाना | जून से अगस्त | अक्षर चार्ट पाठपुस्तक | बी. आर. सी डयट आर. पी अध्यापक |
| 2. | देखने, सुनने और उपयोग करने की चीज़ों का नाम हिंदी में पढ़ना। | घर में उपयोग करने की चीज़ों का नाम हिंदी में सूचीबद्ध करें। | सितंबर से अक्तूबर | हिंदी शब्दकोश | पी. टी. ए बी. आर सी आर. पी अध्यापक |

| संख्या | उद्देश्य | प्रक्रियाएँ | समय | भौतिक | सहायक |
|---|---|---|---|---|---|
| | | पे.सी.टी के द्वारा चीजों और शब्दों को प्रशिक्षण का अवसर<br>समावेश छात्रों की भागीदारी | | | |
| 3. | आशय ठीक रूप से उपयुक्त करना और विकसित करने का अवसर) | • हिंदी अक्षरावली<br>• दिनाचरणा<br>• क्लास लाइब्रेरी<br>• वाचन कार्ड<br>• चित्र के द्वारा चित्रकथा तैयार करना।<br>• चित्रकथा कहना।<br>• चित्रकथा लिखना।<br>• कहानी की पूर्ति करना।<br>• हिंदी क्लब | नवंबर से फरवरी | किताबें | बी.आर.सी<br>डायट<br>पी.टी.ए<br>एस.सी.ई.आर.टी |

## സംസ്കൃതം

## അക്കാദമിക്ക് മാസ്റ്റർപ്ലാൻ

## ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br><br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ . | **1.ഭാഷ ജ്ഞാനം**<br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br><br>ICT | PTA<br><br>റിസോഴ്സ്<br>അധ്യാപിക |
| | **2. പറയാം പഠിക്കാം.**<br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. <u>വീട് ഒരു പരീക്ഷണശാല.</u><br>[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ] | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. <u>വായനാലോകം .</u><br>[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ] | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

| | | | | |
|---|---|---|---|---|
| 4. **കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ .** | • ക്ലബ്ബ് രൂപീകരണം. <br>• പഠനോപകരണ നിർമ്മാണം . <br>• കലണ്ടർ നിർമ്മാണം . <br>• ഗൃഹ സന്ദർശനം. <br>• പഠനയാത്ര . | ജൂൺ - മാർച്ച്. | ചാർട്ട് <br>ചിത്രം | റിസോൾസ് അദ്ധ്യാപിക |
| **5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ.** | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു. <br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു. <br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക. |
| 6. **<u>ആസ്വാദന ലോകം .</u>** <br>**ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി .** | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു. <br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ. <br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു.<br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| 7.പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ . | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| 8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് . | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |